# ഗൗരാമിക്കൃഷി ഇങ്ങനെ





**മത്സ്യം**


ഡോ. പി.എ. വികാസ്

സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. e-mail: kvkernakulam@yahoo.co.in


? ഗൗരാമി മത്സ്യങ്ങളിൽ ഏതു തരമാണു കൃഷിക്ക് യോജ്യം. എവിടെ, എങ്ങനെ കൃഷി ചെയ്യാം. എന്ത് തീറ്റ നൽകാം. കൃഷിയിൽ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം. ഏകദേശ വരുമാനം എത്ര.

സുഷമ ശ്യാം, ചൊവ്വര.

• ഗൗരാമി ശുദ്ധജലത്തിൽ വളർത്താവുന്ന മത്സ്യമാണ്. ഗൗരാമിയിൽത്തന്നെ കേരളത്തിൽ കൃഷിക്കു യോജ്യം ജയന്റ് ഗൗരാമിയാണ്. പ്രകൃത്യായുള്ള കുളങ്ങളിലും കൃത്രിമക്കുളങ്ങളിലും ഇവയെ വളർത്താം. ഒരു സെന്റ് കുളത്തിൽ ശരാശരി 40 കുഞ്ഞുങ്ങൾ എന്ന തോതാണു നല്ലത്. കുളങ്ങളിൽ ശരാശരി 4 അടി ഉയരത്തിൽ വെള്ളം ഉണ്ടായിരിക്കണം. പക്ഷിശല്യം തടയാൻ വല കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. കുഞ്ഞുങ്ങൾക്കു കുറഞ്ഞത് മൂന്ന് ഇഞ്ച് വലുപ്പം വേണം. കുഞ്ഞുങ്ങളെ കുളത്തിൽ നിക്ഷേപിച്ചുകഴിഞ്ഞാൽ കുറഞ്ഞത് ഒരു മാസം തിരിത്തീറ്റ നൽകണം. നാല് ഇഞ്ചിനു മേൽ വലുപ്പമായാൽ പച്ചിലകളും പുല്ലും മറ്റും കൊടുക്കണം. കൃതിമക്കുളം അല്ലെങ്കിൽ ടാങ്കുകളിലാണ് വളർത്തുന്നതെങ്കിൽ അടിയിൽ അടിഞ്ഞു കൂടുന്ന അഴുക്ക് അടിച്ചു പുറത്തുകളയണം. കുറഞ്ഞത് 2 വർഷം വളർത്തിയാൽ മാത്രമാണ് വിൽപനയ്ക്കു യോജ്യമായ വലുപ്പമെത്തുക. അതുകൊണ്ടുതന്നെ വേനൽക്കാലത്തു വറ്റുന്ന കുളങ്ങൾ ഗൗരാമിക്കൃഷിക്കു യോജ്യമല്ല. വർഷകാലത്തു വെള്ളം നിറഞ്ഞു കവിയുന്ന കുളങ്ങൾക്കു ചുറ്റും വലകൊണ്ടു വേലി കെട്ടി സംരക്ഷിക്കണം. ഇങ്ങനെ 2 വർഷം ശരിയായ രീതിയിൽ തീറ്റ നൽകി പരിപാലിച്ചാൽ ശരാശരി 2 കിലോ വരെ തൂക്കമെത്തും. വീണ്ടും രണ്ടു വർഷം കൂടി വളർത്തിയാൽ 6 കിലോവരെ തൂക്കമാകും.

സാധാരണ ഗൗരാമി മത്സ്യങ്ങൾക്ക് വിപണിയിൽ കിലോയ്ക്കു ശരാശരി 350 രൂപയാണു വില. കൂടുതലായും ഭക്ഷ്യ ആവശ്യങ്ങൾക്കായാണ് ഇതു വിറ്റുപോകുന്നതെങ്കിലും കാണാനഴകുള്ള വെളുത്ത/പിങ്ക് ഗൗരാമിക്ക് അലങ്കാരമത്സ്യമായും ഡിമാൻഡ് ഉണ്ട്. അലങ്കാരമത്സ്യമായി കിലോയ്ക്ക് 1000 രൂപവരെ വില കിട്ടും. ശരിയായ രീതിയിൽ പരിപാലിച്ചാൽ ശരാശരി 80 ശതമാനമാണ് അതിജീവനത്തോത്.